പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2183.

18.07.2016 -ൽ
മറുപടിയ്ക്ക്

**കൊയിലാണ്ടി ഗവൺമെന്റ് കോളേജിന്റെ കെട്ടിടങ്ങളുടെയും കോഴ്സുകളുടെയും പ്രൊപ്പോസലുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ യു.ജി.സി. ഫിറ്റ്നസിന്റെ ഭാഗമായി പുതിയ കെട്ടിട സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനായി ഏതെല്ലാം പ്രൊപ്പോസലുകളാണ് കോളേജ് അധികൃതർ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലും സർക്കാരിലും സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) കൊയിലാണ്ടി ഗവൺമെന്റ് കോളേജിൽ ബി.എ, എം.എ മ്യൂസിക് കോഴ്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. കൂടാതെ, കോളേജിലെ കെട്ടിടസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 9.55 കോടി രൂപയുടെ പ്രൊപ്പോസലും കോളേജിൽ നിന്നും ലഭിച്ചിട്ടുണ്ട്. അക്കാഡമിക് ബ്ലോക്ക് നിർമ്മാണം - 8.5 കോടി, ചുറ്റുമതിൽ നിർമ്മാണം - 50 ലക്ഷം, ഫുട്ബോൾ ഗ്രൗണ്ട് ആധുനികവൽക്കരണം- 50 ലക്ഷം, ക്യാമ്പസ് റോഡ് റീ-ടാറിംഗ് - 5 ലക്ഷം രൂപ എന്നിവയാണ് പ്രസ്തുത പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) ഈ പ്രൊപ്പോസലുകളിൽ ഓരോന്നിലും സ്വീകരിച്ച നടപടിയും അതിന്റെ പുരോഗതിയും വ്യക്തമാക്കാമോ? | ബി) ബി.എ, എം.എ മ്യൂസിക് കോഴ്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ഇംഗ്ലീഷ്, II ലാംഗ്വേജ് എന്നീ വിഷയങ്ങളുടെ വർക്ക് ലോഡ് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ CQIP പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 75 ലക്ഷം രൂപ അനുവദിക്കുന്ന കാര്യവും ശേഷിക്കുന്ന പ്രൊപ്പോസലുകൾ 2017-18 വർഷത്തെ പ്ലാൻ ഫണ്ട് പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്ന കാര്യവും പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**